പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 186 * — 4.10.2011-ലെ മറുപടിയ്ക്ക്

## അടിസ്ഥാന സൗകര്യ വികസനത്തിലെ പങ്കാളിത്തം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. ശർമ്മ<br>ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. ജെയിംസ് മാത്യു | ശ്രീ.പി. കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) അടിസ്ഥാന സൗകര്യ വികസന രംഗത്ത് പി.പി.പി പദ്ധതികൾ അനുവദിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഇത് സംബന്ധിച്ച സർക്കാർ നിലപാടും നടപടി ക്രമങ്ങളും വിശദമാക്കാമോ; | (എ) അടിസ്ഥാന സൗകര്യ വികസന രംഗത്ത് സ്വകാര്യ പങ്കാളിത്തത്തോടെയുള്ള പദ്ധതികൾ(പി.പി.പി) നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. സംസ്ഥാനത്തെ അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ ലോക നിലവാരത്തിലേക്ക് ഉയർത്തുന്നതിന് വേണ്ടി നേരിട്ടുള്ള വിദേശ മൂലധന നിക്ഷേപം ഉൾപ്പെടെയുള്ള സ്വകാര്യ നിക്ഷേപ പദ്ധതികൾ ആകർഷിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാന സർക്കാരിൻെറ കരട് വ്യവസായ നയത്തിൽ ഈ നിർദ്ദേശങ്ങൾ ഉൾകൊള്ളിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ ഏതെല്ലാം മേഖലയിലാണെന്ന് വെളിപ്പെടുത്താമോ; ഏതെങ്കിലും പദ്ധതി ഇതിനായി തയ്യാറാക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ? | ബി) പി.പി.പി പദ്ധതികൾ വാണിജ്യപരമായി സാധ്യമായതും എന്നാൽ വൻ നിക്ഷേപം ആവശ്യമുള്ളതുമായ തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ, ഹൈവേകൾ, അർബൻ |

ട്രാൻസിറ്റ് സിസ്റ്റം, പവർ പ്രോജക്ടുകൾ, കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷനുകൾ, വ്യാവസായിക ഇടനാഴികൾ, ഫിനാൻഷ്യൽ സർവ്വീസ് സെക്ടറുകൾ തുടങ്ങിയ മേഖലകളിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

വ്യവസായ വകുപ്പിൻെറ കീഴിലുള്ള കെ.എസ്.ഐ.ഡി.സി, കിൻഫ്ര, എന്നീ സ്ഥാപനങ്ങൾ സ്വകാര്യ സംരംഭകരുമായി സഹകരിച്ച് രൂപീകരിക്കുന്ന ജോയിൻറ് വെൻച്വർ/ SPV എന്നിവയിലൂടെ അടിസ്ഥാന വികസന പദ്ധതികൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നു. കെ.എസ്.ഐ.ഡി.സി, കിൻഫ്ര, ഇൻകെൽ എന്നിവയുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

കെ.എസ്.ഐ.ഡി.സി

1. കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ 1200 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള പ്രകൃതി വാതകാധിഷ്ഠിത വൈദ്യുത പദ്ധതി
2. തിരുവനന്തപുരം വെയിലൂർ വില്ലേജിൽ ഏകദേശം 75 ഏക്കറിൽ (ഒന്നാംഘട്ടം) അന്താരാഷ്ട്ര നിലവാരമുള്ള ഒരു ജൈവ ശാസ്ത്ര ഉദ്യാനം (ലൈഫ് സയൻസ് പാർക്ക്)
3. 34 ഏക്കറിൽ പാലക്കാട് സ്ഥാപിക്കാൻ ഉദ്ദേശിച്ചിട്ടുള്ള ലൈറ്റ് എഞ്ചിനീയറിംഗ് ഇൻഡസ്ട്രിയൽ പാർക്ക്.
4. കൊച്ചി -കോയമ്പത്തൂർ ഇൻഡസ്ട്രിയൽ കോറിഡോർ
5. കൊച്ചിയിൽ 33.4 ഏക്കറിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ഇലക്ട്രോണിക് ഹബ്ബ്
6. ഹൈസ്പീഡ് റെയിൽ കോറിഡോർ
7. പ്രകൃതിവാതകാധിഷ്ഠിതമായ അടിസ്ഥാന സൗകര്യ വികസനം.

കിൻഫ്ര

1. അനിമേഷൻ സ്കൂൾ, കിൻഫ്ര ഫിലിം & വീഡിയോ പാർക്ക്, തിരുവനന്തപുരം
2. കിൻഫ്രയും ഇൻകെലുമായി ചേർന്ന് കോഴിക്കോട് രാമനാട്ടുകരയിൽ നോളഡ്ജ് പാർക്കിന്റെ നിർമ്മാണം
3. കിൻഫ്രയും ഇൻകെലുമായി ചേർന്ന് കേരള സോപ്പ്സ് & ഓയിൽസ് ലിമിറ്റഡിന്റെ ലാന്റ് വികസിപ്പിച്ച് കൺവെൻഷൻ സെന്റർ സ്ഥാപിക്കൽ.

ഇൻകെൽ

1. ഒളിമ്പിക് ടവർ , വാൻറോസ് ജംഗ്ഷൻ, തിരുവനന്തപുരം
2. കൊമേഴ്സ്യൽ കോംപ്ലക്സ്, തമ്പാനൂർ, തിരുവനന്തപുരം
3. മാർക്കറ്റ് ഏരിയ ഡെവലപ്പ്മെന്റ് പ്രോജക്റ്റ്, പാളയം, തിരുവനന്തപുരം
4. അർബൻ എന്റർടെയ്ൻമെന്റ് സെന്റർ, വേളി
5. സെന്റർ ഓഫ് എക്സലൻസ് ഇൻ ആയുർവേദിക് മെഡിസിൻസ്, പിറവന്തൂർ, പുനലൂർ
6. ബാക്ക് വാട്ടർ റിസോർട്ട് , ചേർത്തല
7. മാസ്റ്റർ പ്ലാൻ ഫോർ ട്രാൻസ്പോർട് സെക്ടർ, കോട്ടയം
8. ഇന്റർ നാഷണൽ എക്സിബിഷൻ & ട്രേഡ് സെന്റർ, കാക്കനാട്
9. ഫർണിച്ചർ സിറ്റി, ആലുവ
10. ബേപ്പൂർ തുറമുഖ വികസനം.